'ഭരണഭാഷ മാതൃഭാഷ'',

# വ്യാവസായിക പരിശീലനവകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ : എഫ്3/13210/2016

ശാന്തിനഗർ, തിരുവനന്തപുരം-01
തീയതി : 15/06/2016

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ്-ലോക നൈപുണ്യ ദിനാചരണത്തോടനുബന്ധിച്ച് സംസ്ഥാനതല എക്സിബിഷൻ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 19/04/2016 ലെ MSDE (DGT) 07/14/2016 CD നമ്പർ കത്ത്.
2) 13/05/2016 ലെ ഇതേ നമ്പർ ചുറ്ററിയിപ്പ്.

*********

മേൽ സൂചന (1) ചുറ്ററിയിപ്പ് പ്രകാരം സംസ്ഥാനതലത്തിൽ ഒരു എക്സിബിഷൻ സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ ഒരു ചുറ്ററിയിപ്പ് സൂചന (2) പ്രകാരം പുറപ്പെടുവിച്ചിരുന്നു.

ജില്ലാതല മത്സരങ്ങൾ 25/06/2016 നു മുമ്പ് പൂർത്തിയാക്കി ടി വിവരം അതാത് ഐ.ടി മാർ ഈ കാര്യാലയത്തിലറിയിക്കേണ്ടതുമാണ് 28/06/2016 ന് സംസ്ഥാന തല പ്രദർശനം കളമശ്ശേരി ഐ.ടി.ഐയിൽ സംഘടിപ്പിക്കേണ്ടതുമാണ്. ഇതിന്റെ വിധികർത്താക്കളുടെ കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ട വകുപ്പിന് പുറത്തുനിന്നുള്ള വ്യക്തികളുടെ പേര് എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്മാരും കൂടി നിർദ്ദേശിച്ച് ഇവിടെ നിന്നും അനുമതിതേടേണ്ടതാണ്. പ്രവർത്തനങ്ങൾ എല്ലാം തന്നെ 5 ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്മാരും പ്രിൻസിപ്പാൾമാരും അടങ്ങുന്ന കമ്മറ്റികൾ ഏകോപിച്ച് 28/06/2016 ന് സംസ്ഥാനതല മത്സരം നടത്തേണ്ടതാണ് എന്ന വിവരം അറിയിക്കുന്നു. ടി വിവരം DGET ക്ക് 29/06/2016ന് മുമ്പ് നൽക്കേണ്ടതിനാൽ സംസ്ഥാനതല മത്സരത്തിന്റെ ഫലവും ഈ മോഡലിന്റെ ഫോട്ടോയും പ്രവർത്തനങ്ങളും സ്കിൽ ഇന്ത്യ വീക്കിൽ ഉൾപ്പെടുത്തുന്നതിനായി 28/06/2016 നു ഈ കാര്യാലയത്തിൽ ഇ-മെയിൽ മുഖാന്തിരം അറിയിക്കേണ്ടതുമാണ്. സംസ്ഥാനതലത്തിൽ തിരഞ്ഞെടുത്ത മോഡൽ നിർമ്മിച്ച രണ്ട് ട്രെയിനികൾക്കും ഒരു ഗെയ്ഡിനും ഐ.ഐ .റ്റി കാൺപൂരിൽ നടക്കുന്ന എക്സിബിഷനിൽ പങ്കെടുക്കാൻ അവസരം ലഭിക്കും.

കൂടാതെ ജൂലൈ 15ന് ലോക നൈപുണ്യദിനമായി എല്ലാ ഐ.ടി.ഐ കളിലും ആചരിക്കേണ്ടതും തൊഴിൽ പരിശീലനത്തിന്റെ മഹത്വത്തെക്കുറിച്ചുള്ള ഒരു ബോധവത്ക്കരണം അസംബ്ലിയിൽ നൽകേണ്ടതുമാണ് എന്നറിയിക്കുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ് :-

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും,
ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്,
വകുപ്പ് മേലധികാരികൾ
(വകുപ്പ് വെബ് സൈറ്റ് മുഖേനെ)

എൻ/25/06/2016